Mathrubhoomi

Saturday, Feb 27, 2010.

# കാംപസ് ക്വിസ്: ഡിസിഎസ് മാറ്റ് വിജയികൾ

**കൊച്ചി:** ഇന്ത്യയിലെ ഇരുപത് നഗരങ്ങളിലായി നടത്തപ്പെടുന്ന ടാറ്റ ക്രൂസിബിൾ കാംപസ് ക്വിസിന്റെ കൊച്ചിയിൽ നടന്ന നാലാമത് പ്രാദേശിക മത്സരത്തിൽ വാഗമൺ ഡിസിഎസ്മാറ്റിലെ കെ.എ. അരുൺ, യു. രാജീവ് എന്നിവരടങ്ങിയ ടീം ഒന്നാമതെത്തി. 75000 രൂപയും സമ്മാനമായി ലഭിച്ചു. തിരുവനന്തപുരം എൻജിനീയറിങ് കോളേജിലെ എസ് ഉണ്ണികൃഷ്ണൻ, ബി. സുദർശൻ എന്നിവരടങ്ങിയ ടീം റണ്ണേഴ്സ് അപ് ആയി. ഇവർ 35,000 രൂപയുടെ സമ്മാനം നേടി. താജ് മലബാർ ജനറൽ മാനേജർ സൗരഭ് രത്തൻ സമ്മാനങ്ങൾ വിതരണം ചെയ്തു. 200 ടീമുകൾ കൊച്ചിയിൽ നടന്ന മത്സരത്തിൽ പങ്കെടുത്തു.

ദ ഗേറ്റ്‌വേ ഹോട്ടലിൽ നടന്ന മത്സരത്തിൽ ഗിരി ബാലസുബ്രഹ്മണ്യമായിരുന്നു ക്വിസ് മാസ്റ്റർ.